"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - 4515-00-800-92, 4217-60-051-94 എന്നീ ശീർഷകങ്ങളിൽ വകയിരുത്തിയിരിക്കുന്ന തുക ഉപയോഗിച്ച് തദ്ദേശസ്വയംഭരണ വകുപ്പിൻ കീഴിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് നൽകിയ ഭരണാനുമതി ഉത്തരവുകളിൽ 'റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി വകയിരുത്തിയിരിക്കുന്ന തുക ഉപയോഗിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തി' എന്നത് ഒഴിവാക്കി -ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(പി.പി)വകുപ്പ്**

സ.ഉ.(കൈ) നം.111/2024/LSGD തീയതി,തിരുവനന്തപുരം, 24-08-2024

---

പരാമർശം:-

1. 30.10.2020 ലെ സ.ഉ(സാധാ)നം.2043/2020/തസ്വഭവ
2. 04.11.2020 ലെ സ.ഉ(കൈ)നം.170/2020/തസ്വഭവ.
3. 16.12.2020ലെ സ.ഉ(സാധാ)നം.2319/2020/തസ്വഭവ.
4. 02.02.2021 ലെ സ.ഉ(കൈ)നം.25/2021/തസ്വഭവ.
5. 06.02.2021 ലെ സ.ഉ(കൈ)നം.29/2021/തസ്വഭവ.
6. 11.02.2021 ലെ സ.ഉ(സാധാ)നം.389/2021/തസ്വഭവ.
7. 09.11.2021 ലെ സ.ഉ(സാധാ)നം.2231/2021/തസ്വഭവ.
8. 10.11.2021 ലെ സ.ഉ(സാധാ)നം.2245/2021/തസ്വഭവ.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം 5054-80-800-66 എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിൻ നടപ്പിലാക്കുന്ന 492 പ്രവൃത്തികൾ പരിശോധിച്ച് അംഗീകാരം നൽകുന്നതിന് ഒരു സമിതി രൂപീകരിച്ച് ഉത്തരവായിരുന്നു. തുടർന്ന് ടി ശീർഷകത്തിൽ വകയിരുത്തിയിരുന്ന 208.04 കോടി രൂപ ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിൻ കീഴിൽ നടപ്പിലാക്കുന്ന 492 പ്രവൃത്തികൾക്ക് പരാമർശം (2) പ്രകാരവും ടി ശീർഷകത്തിൽ അധികമായി വകയിരുത്തിയുരുന്ന 65 കോടി രൂപ ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിൻ കീഴിൽ നടപ്പിലാക്കുന്ന 27 പ്രവൃത്തികൾക്ക് പരാമർശം (5) പ്രകാരവും ഭരണാനുമതി നൽകി ഉത്തരവായിരുന്നു.

പരാമർശം (3) പ്രകാരം പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ചുമതല ഗ്രാമ പഞ്ചായത്തുകളിൽ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് അസ്സിസ്റ്റന്റ് എഞ്ചിനീയർമാർക്കും കോർപ്പറേഷൻ മുനിസിപ്പൽ പ്രദേശങ്ങളിൽ അതാത് എഞ്ചിനീയറിംഗ് വിഭാഗത്തിനും നൽകി കൊണ്ടും ടി പ്രവൃത്തികളുടെ ബിൽ/വൗച്ചറുകൾ എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേകം സൂക്ഷിക്കേണ്ടതാണെന്നും ഉത്തരവായിരുന്നു.

പ്രസ്തുത പ്രവൃത്തികൾക്കായി നിർദ്ദേശിച്ചിരുന്ന 5054-80-800-66 എന്ന ശീർഷകം പരിഷ്കരിച്ച് പ്രസ്തുത പ്രവൃത്തികളിൽ ഗ്രാമ പ്രദേശങ്ങളിലെ പ്രവൃത്തികളുടെ ചെലവ് 4515-00-800-92 Works Included in Appendix II to the Detailed Budget Estimate (Details of Public Works) എന്ന ശീർഷകത്തിൽ നിന്നും കോർപ്പറേഷൻ / മുനിസിപ്പൽ പ്രദേശങ്ങളിലെ പ്രവൃത്തികളുടെ ചെലവ് 4217-60-051-94- NP-V-Works Included in Appendix II to the Detailed Budget Estimate (Details of Public Works) എന്ന ശീർഷകത്തിൽ നിന്ന് വഹിക്കുന്നതിന് പരാമർശം (8) പ്രകാരവും ഉത്തരവായിട്ടുണ്ട്.

5054-80-800-66 എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിൻ കീഴിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകികൊണ്ടുള്ള പരാമർശം (2), (5) ഉത്തരവുകളിലും തുടർന്ന് വിവിധ പ്രവൃത്തികളുടെ ഭരണാനുമതി ഭേദഗതി ചെയ്തുകൊണ്ട് പുറത്തിറങ്ങിയ ഉത്തരവുകളിലും 5054-80-800-66 എന്ന ശീർഷകത്തിൽ 'റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി വകയിരുത്തിയിരിക്കുന്ന തുക ഉപയോഗിച്ച് തദ്ദേശസ്വയംഭരണ വകുപ്പിൻ കീഴിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ' എന്നാണ് സൂചിപ്പിച്ചിരുന്നത്. ആയത് ടി ഉത്തരവുകൾ പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികളെ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെട്ട പ്രവൃത്തികളായി തെറ്റിദ്ധരിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു, 5054-80-800-66 എന്ന ശീർഷകം പരാമർശം (8) പ്രകാരം പരിഷ്കരിച്ച സാഹചര്യത്തിൽ ടി ശീർഷകത്തിൽ വകയിരുത്തിയിരിരുന്ന തുക ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിൻ കീഴിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകികൊണ്ട് പുറപ്പെടുവിച്ച പരാമർശം (2), (5) ഉത്തരവുകളിലും അനുബന്ധമായി പുറപ്പെടുവിച്ച ഉത്തരവുകളിലും പരാമർശിച്ചിരുന്ന "റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി വകയിരുത്തിയിരിക്കുന്ന തുക ഉപയോഗിച്ച് ഭരണാനുമതി നൽകി ഉത്തരവാകുന്നു" എന്ന പരാമർശം ഒഴിവാക്കി ആയതിന് പകരം **"4515-00-800-92 Works Included in Appendix II to the Detailed Budget Estimate (Details of Public Works), 4217-60-051-94- NP-V-Works Included in Appendix II to the Detailed Budget Estimate (Details of Public Works) എന്നീ ശീർഷകങ്ങളിൽ വകയിരുത്തിയിരിക്കുന്ന തുക ഉപയോഗിച്ച് തദ്ദേശസ്വയംഭരണ വകുപ്പിൻ കീഴിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു" എന്ന് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ട്രഷറി ഡയറക്ടർ
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ.
വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manju L S
സെക്ഷൻ ഓഫീസർ
Date: 24-08-2024 12:36:33